# പരിസ്ഥിതിപഠനങ്ങളുടെ ഗുരുനാഥൻ

മധുരാജ്

ജോൺസിമാഷ് പലർക്കും എന്നപോലെ എനിക്കും എന്തായിരുന്നു എന്ന് വിശേഷിപ്പിക്കാൻ വിഷമമാണ്. എങ്കിലും മാഷ് എല്ലാമായിരുന്നു എനിക്ക്. ഗുരുനാഥൻ, ജീവിത്തതിന് ഒരു ദർശനം നൽകിയ വഴിക്കാട്ടി. ദാർശനികൻ അങ്ങിനെ എന്തെല്ലാമോ...

സ്കൂളിൽ പഠിക്കുന്ന കാലംമുതലേ മാഷുമായി അടുക്കാൻ പറ്റിയത് ജീവിതത്തിലെ മഹാഭാഗ്യമായിട്ടാണ് ഞാൻ കാണുന്നത്. മാഷെ കാണാൻ പറ്റിയില്ലെങ്കിൽ ജീവിതം വേറെ രീതിയിൽ വഴിമാറി ഒഴുകിയേനെ.



ഫോട്ടോ : മധുരാജ്

7-ാംക്ലാസിൽ പഠിക്കുമ്പോൾ കോട്ടഞ്ചേരിയിൽ മാഷുടെ നേതൃത്വത്തിൽ സീക്ക് നടത്തുന്ന പ്രകൃതിപഠന സഹവാസത്തിലൂടെയായിരുന്നു മാഷുമായുള്ള സഹവാസം ആരംഭിക്കുന്നത്. അതിനു മുമ്പ് പ്രൈമറി ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിൽ മാഷ് വരാറുണ്ടായിരുന്നു, ഒരു 16 എം. എം പ്രജക്ടറുമായി. അന്ന് മാഷ് കാട്ടിത്തന്ന സസ്യജീവികളെ കുറിച്ചുള്ള കൊച്ചു കൊച്ചു സിനിമകളിലൂടെയായിരുന്നു മാഷുമായുള്ള അടുപ്പത്തിന്റെ തുടക്കം. മനുഷ്യൻ പ്രകൃതിയിലെ മറ്റെല്ലാ ജീവജാലങ്ങളിൽ ഒന്നാണെന്നും, ഒരു പുഴുവിനും പഴുതാരക്കുമുള്ള അവകാശം മാത്രമേ ഭൂമിയിൽ മനുഷ്യനുമുള്ളു എന്നുള്ള പ്രാഥമികമായ പ്രകൃതിപാഠം ഇളം പ്രായത്തിൽ തന്നെ മാഷ് എന്നെപ്പോലെ ഒരു തലമുറക്ക് പറഞ്ഞുതന്നു. വെറും ......

മൂലകങ്ങൾ കൊണ്ടാണ് പ്രപഞ്ചം സൃഷ്ടിച്ചത്. ഈ മൂലകങ്ങൾ കൊണ്ടു മാത്രമാണ് ഭൂമിയിലെ സകല ചരാചരങ്ങളുടെ സൃഷ്ടി. എല്ലാം ഒന്നാണ് എന്ന പരമമായ ഈ സത്യത്തെ നമ്മെ ഓർമ്മിപ്പിക്കാൻ മാഷ് രൂപപ്പെടുത്തിയ കൂട്ടായ്മകളായിരുന്നു പ്രകൃതി പഠനസഹവാസങ്ങൾ.

70 കളിൽ WWF ജോൺസിമാഷുടെ നേതൃത്വത്തിൽ സ്കൂളുകളിലും കോളേജുകളിലും പുറത്തും കേരളത്തിലുടനീളം സ്ഥാപിച്ച നേച്ചർ ക്ലബുകളും അവ സംഘടിപ്പിച്ച ക്യാമ്പുകളും ഈ ഒരു ദർശനമാണ് പ്രകാശനം ചെയ്തത്. ഈ നേച്ചർ ക്ലാസുകളിലൂടെ മാഷ് ഉണ്ടാക്കിയ അടിത്തറയാണ് ഭാവിയിൽ സേവ് സൈലന്റ് വാലി പ്രസ്ഥാനത്തിന് ദാർശനിക അടിത്തറയും രൂപവും നൽകിയത്. ലോകത്തിലെതന്നെ പ്രാചീനവും വിലപ്പെട്ടതുമായ സൈലന്റ് വാലി എന്ന ജൈവവിസ്മയം ഇന്ന് ബാക്കിയായതിന് വരുംതലമുറ മാഷോട് കടപ്പെട്ടിരിക്കുന്നു.

പരിസ്ഥിതിയും മനുഷ്യനുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരു ഫോട്ടോ ജേർണലിസ്റ്റ് എന്ന നിലവാരം എന്നിലേക്ക് കടന്നുവന്നത് മാഷുമായുള്ള അടുപ്പവും സീക്ക് എന്ന പ്രസ്ഥാനം എന്നിലുണ്ടാക്കിയ സ്വാധീനവുമാണെന്ന് ഞാൻ തിരിച്ചറിയുന്നു. എന്റോസൾഫാൻ ഭീകരതയെ കുറിച്ചുള്ള എന്റെ ഫോട്ടോ പ്രദർശനം, കുടിവെള്ള വിൽപനയെ കുറിച്ചുള്ള വെള്ളക്കള്ളൻ ഫോട്ടോ പ്രദർശനവുമുണ്ട്. ജോൺസിമാഷ് വളരെ അഭിമാനപൂർവ്വം ഈ ചിത്രങ്ങളുടെ പ്രചോദനത്തെകുറിച്ച് വളരെ അടുപ്പമുള്ളവരോട് സംസാരിക്കുന്നത് കേട്ടപ്പോൾ എനിക്കും സന്തോഷം തോന്നിയിട്ടുണ്ട്. ഒപ്പം മാഷ് തന്റെ കുട്ടിയായി എന്നെ തിരിച്ചറിയുന്നതിലുള്ള അഭിമാനവും!!

ഒറ്റയാനായിരുന്നു മാഷ് ജീവിതത്തിലുടനീളം. തനിക്ക് ശരിയല്ല എന്നു തോന്നിയ കാര്യങ്ങളോട് മാഷ് ഒരു വിട്ടുവീഴ്ചയും നടത്തിയില്ല. അതുപോലെ വിയോജിപ്പുകളുമായി കോംപ്രമൈസ് ചെയ്യുന്നതായിരുന്നില്ല മാഷുടെ പ്രകൃതം. തന്റെ ജീവിതത്തിന്റെ വസന്തകാലത്ത് എല്ലാം നൽകി നട്ടുവളർത്തിയ SEEK എന്ന പ്രസ്ഥാനം വിട്ടുപോ

കാനും ആക് എന്ന മാസിക തുടങ്ങാനും ഇടയാക്കിയത് ഈ സ്വഭാവം കൊണ്ടുതന്നെ. വിയോജിപ്പുകളെ തുടർന്ന് ആകുഉം ഉപേക്ഷിച്ച് ആരംഭിച്ചതാണ്. പ്രതിഷ്ടിക്കാനും കൂട്ടായ്മയും പ്രസാദവും അംഗീകാരങ്ങളോ മറ്റ് തരത്തിലുള്ള ഒരു പ്രലോഭനവും മാഷെ ഒരുവിധത്തിലും സ്ര്പശിച്ചേയില്ല.

അവസാനകാലത്ത് ശയ്യാവലംബനായിരിക്കെ തന്റെ ശരീരത്തിൽ അവസാനത്തെ ചൊടി നിലനിൽക്കുംവരെ തന്റെ ദർശനങ്ങളിൽ ഉറച്ചുനിൽക്കുകയും പ്രകൃതിയെ അറിയാനുമുള്ള സപര്യയാൽ മുഴുകുകയും ചെയ്ത മാഷ്.

ക്രിസ്തുവും ഭാരതീയദർശനങ്ങളും മാഷെ ഏറ്റവും ആഴത്തിൽ സ്വാധീനിച്ചിരുന്നു. ക്രിസ്തുവിന്റെ നീതിബോധവും ത്യാഗമനോഭാവവും സാമ്രാജ്യത്വത്തെ വെല്ലുവിളിച്ച വിപ്ലവബോധവും മാഷ് ചെറുപ്പത്തിലേ ഉൾക്കൊണ്ടിരുന്നു. ക്രിസ്ത്യാനിറ്റിയെ ഇത്ര ആഴത്തിൽ പഠിച്ച് ഉൾക്കൊണ്ടവർ വേറെ ഉണ്ടാകും എന്ന് തോന്നുന്നില്ല. ബൈബിളിന്റെ ലോകത്തുള്ള ഏതു ഭാഷ്യവും മാഷ് പഠിച്ചിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. "ക്രിസ്തു പറഞ്ഞതൊന്നും ചെയ്യാത്തവരുടെ കൂടെ എനിക്ക് കട്ടില്ല" - ഇതായിരുന്നു നിലവിലുള്ള ക്രിസ്തുമതത്തിൽനിന്ന് മാറി നിൽക്കാൻ മാഷെ പ്രേരിപ്പിച്ച വികാരം. ഒപ്പം ഭാരതീയ സംസ്കാരത്തിലെ മൂല്യങ്ങളോടും ദർശനങ്ങളോടുമുള്ള മാഷുടെ അഭിമുഖ്യവും. മാഷെ ഒരു കാലത്ത് ഏറെ തെറ്റിദ്ധരിക്കാൻ ഇടയാക്കി അദ്ദേഹത്തിന്റെ മതംമാറ്റം.

ഒരു വെളിച്ചമായിരുന്നു മാഷ്. ആ വെളിച്ചത്തിന്റെ നുറുങ്ങുകളെങ്കിലും ഉൾക്കൊണ്ട ഒരു തലമുറ ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലുമായി ജീവിക്കുന്നു. അവർക്കാർക്കും പ്രൊഫ. ജോൺസിജേക്കബ്ബ് ആകാൻ കഴിയില്ലെങ്കിലും മാഷിൽ നിന്ന് അവർ ആത്മാവിൽ കൊളുത്തിയ വെളിച്ചം ഏത് ഇരുളിലും അവർക്ക് വഴികാട്ടിയായി ഉണ്ടാകും. സംഘടിതപ്രസ്ഥാനങ്ങളേക്കാൾ ശക്തമാണിതെന്ന് ഞാൻ കരുതുന്നു. തങ്ങളുടെതായ കർമ്മമണ്ഡലങ്ങളിൽ മാഷ് അവർക്കൊപ്പം കൂട്ടുണ്ടാകും എന്ന് എനിക്ക് ഉറപ്പുണ്ട്. കൂട്ടുകാരനും ഗുരുവും, വഴിക്കാട്ടിയും, ഒരു വികാരവുമായി...

---

*(പേജ് 24-ൽനിന്നും തുടർച്ച)*

ജോൺസി അതിലേറെ എടുക്കുന്നത് ആപത്ത് വരുത്തുമെന്ന് കരുതിയ ജോൺസി തന്റെ ആവശ്യങ്ങളെ ആവുന്നത്ര ലഘൂകരിക്കാൻ ശ്രമിച്ചു. ഒരു ജോഡി വസ്ത്രത്തിനപ്പുറം സ്വന്തമായി കരുതാത്ത ജോൺസി ഒരു വാടകക്കാരനായി തിരിച്ചുപോയി. ഭൂമിയിലെ വാടക്കാരായ നാം നമ്മെ നയിക്കുന്ന മഹാപണ്ഡിതരും പുരോഹിതരും മനസ്സിലാക്കാത്ത ഈ തത്വം ജോൺസി സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു. തന്റെ ശാരീരിക വിഷമതകൾ മറന്ന് നിരന്തരം സഞ്ചരിച്ചിരുന്ന ഈ ആത്മീയ ഗുരുവിന് ഒരു നിമിഷവും വിശ്രമമുണ്ടായിരുന്നില്ല.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കണ്ടെത്തിയ ജോൺസിയുടെ ക്ലാസ്സ് മുറികൾ വിശാലമായിരുന്നു. നാല് ചുമരുകൾക്കിടയിൽ ഒടുങ്ങാത്ത വിദ്യാഭ്യാസം ജന്തുശാസ്ത്രത്തിന്റെ നൂതനപാഠങ്ങൾ അനുഭവിച്ചറിയാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകി. അദ്ദേഹം വിദ്യാർത്ഥികളുടെ ഗുരുവും, രക്ഷിതാവും, അങ്കിളും, അപ്പൂപ്പനുമെല്ലാമായിരുന്നു. വിദ്യാർത്ഥികളുടെ സ്വകാര്യ ദുഃഖങ്ങളിൽപോലും പങ്കാളിയായ ജോൺസി അവർക്ക് സ്വാന്തനമേകാൻ മടിച്ചില്ല. ആടമ്പര കാറുകളിലും രമ്യഹർമ്മങ്ങളിലും ജീവിക്കുന്ന യു.ജി.സി.ക്കാർക്കിടയിൽ ജീവിച്ച ജോൺസി ഒരു ചോദ്യചിഹ്നമായിരുന്നു. ചിലരുടെയെങ്കിലും കണ്ണിലെ കരടായിരുന്നു. താൻ തുടങ്ങിവെച്ച കർമ്മപദ്ധതികൾ ചിലർ പലതും പാതിവഴിയിൽ അവർ ഉപേക്ഷിച്ചപ്പോൾ അദ്ദേഹം ക്ഷുഭിതനായി കേരളത്തിൽ അങ്ങോളമിങ്ങോളം അദ്ദേഹം വാരിവിതറിയ വിത്തുകൾ ഇനിയും മുളപൊട്ടാത്തതുകൊണ്ട് അദ്ദേഹം ദുഃഖിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പ്രൊഫസർ ജോഷയിൽനിന്നും മറ്റ് ഗുരുക്കന്മാരിൽനിന്നും ലഭിച്ച ആശയങ്ങൾ അദ്ദേഹം സ്വന്തമായി പരിപക്വപ്പെടുത്തി ഒരു ദർശനമായി അവതരിപ്പിക്കാൻ ജോൺസി കിണഞ്ഞ് പരിശ്രമിച്ചു. എഴുപതുകളിൽ അദ്ദേഹം തുടങ്ങിവെച്ച ബയോളജിക്കൽ ക്ലബ്ബുകൾ കേരളവും വിട്ടു തെന്നിന്ത്യ മുഴുവൻ വ്യാപിച്ചപ്പോൾ അദ്ദേഹം ഏറെ പ്രതീക്ഷിച്ചിരിക്കാം. പക്ഷെ, പുതിയ തലമുറയിൽവന്ന മാറ്റങ്ങൾ ദർശിച്ച ജോൺസിയുടെ പിന്മുഖക്കാരായ അധ്യാപകർ തവളകളേയും ചിത്രശലഭങ്ങളേയും നിർദ്ദാക്ഷിണ്യം ഡിസെക്ഷനുവേണ്ടി കീറിമുറിക്കുമ്പോൾ, ഒരു പക്ഷിയുടെ കൂട് ഇളക്കുന്നതുപോലും ഏറെ വെറുപ്പോടെ കണ്ട ജോഷയെ അദ്ദേഹം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. പക്ഷെ മനുഷ്യത്വം നഷ്ടപ്പെട്ട ലോകത്ത് ഇനിയും ജോൺസിമാർ ഉണ്ടായിക്കൂടാ. തന്റെ അന്ത്യം മുൻകൂട്ടി ദർശിക്കാൻ കഴിഞ്ഞ ഈ കർമ്മയോഗി തന്റെ ജോലികളെല്ലാം തീർത്തുവെച്ച തന്റെ ഉറ്റമിത്രമായ ഡാനിയൽകീന്നിന് തന്റേതായ ഒരു സന്ദേശവും തയ്യാറാക്കിവച്ചാണ് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞത്.

തന്റെ ജീവിതത്തിൽ തനിക്കേറെ വേദന പകർന്നുതന്ന സഹജീവികളോട് ഒട്ടും വെറുപ്പില്ലാതെയും ആരേയും വേദനിപ്പിക്കാതെയും അദ്ദേഹം കടന്നുപോയി. റീത്തുകളോ സംസ്കാരചടങ്ങുകളോ വേണ്ടെന്നുകരുതിയ ജോൺസി അനുശോചനയോഗങ്ങളെപ്പോലും ഏറെ വെറുത്തിരുന്നു. തന്റെ ജീവിതമാണ് തന്റെ സന്ദേശമെന്നുപറഞ്ഞ ഗാന്ധിജിയെപ്പോലും ഒരുപടി കടന്ന് ജീവിതത്തിന്റെ ഓരോ നിമിഷവും മറ്റുള്ളവർക്കായി ജീവിച്ചുതീർത്ത ഈ കർമ്മയോഗിക്ക് പ്രണാമങ്ങളർപ്പിക്കുന്നു.

*വിരുത്തിപറമ്പിൽ ഹൗസ്,*
*എടതിരിഞ്ഞി - 680 122*